

# സംഗീതവും-നവഗ്രഹങ്ങളും

പ്രൊഫ രുഗ്മിണി ഗോപാലകൃഷ്ണൻ



അറുപത്തിനാല് കലകളിൽ ഏറ്റവും ശ്രേഷ്ഠമായ ലളിതകല യാണ് സംഗീതം.

ധർമ്മം, അർത്ഥം,കാമം,മോക്ഷം എന്നീ നാലു പുരുഷാർത്ഥ ങ്ങൾക്കും ശ്രേഷ്ഠമായ മാർഗം സംഗീതം തന്നെയാണ്.

ഹേ നാരദാ സംഗീതജ്ഞാനമി ല്ലാത്ത വൈകുണ്ഠത്തിലും, സംഗീ ത ഗന്ധമറിയാത്ത യോഗികളുടെ ഹൃ ദയത്തിലും, സംഗീത വാസനയി ല്ലാത്ത സൂര്യമണ്ഡലത്തിലും ഞാൻ വസിക്കുന്നില്ല. എന്റെ ഭക്തന്മാർ എവിടെയാണോ ആനന്ദമയമായ സം ഗീതത്തിൽക്കൂടി എന്നെ സ്തുതിക്കു ന്നത്, അവരുടെ ഹൃദയത്തിലാണ് ഞാൻ വസിക്കുന്നത് എന്ന ഭഗവത് വചനം ശ്രദ്ധേയമാണ്. സംഗീതം മോക്ഷം നൽകുന്നു എന്നത് ശ്രീ ത്യാഗരാജസ്വാമികളുടെ സ്വരാഗസുധ, മോക്ഷമുഗലദാ മുതലായ കീർത്തന ങ്ങളിൽ എടുത്തുപറയുന്നുണ്ട്.

ജ്യോതിഷ ശാസ്ത്രത്തിൽ ഗ്രഹങ്ങളിൽ നിന്നു വരുന്ന രശ്മികളാണ് മനുഷ്യ ജീവിത ത്തിലെ ഉയർച്ച, താഴ്ചകളെ നിർണ്ണയിക്കുന്നത്. ആശാവഹ മായ ചഞ്ചലങ്ങൾ,

സന്തോഷം, ദുഃഖം, ജ്ഞാനം, അജ്ഞാനം, വിജ്ഞാനം മുതലായവ്യ ത്യാസങ്ങൾ ഉണ്ടാകാൻ മുഖ്യകാരണ ങ്ങൾ മേല്പറഞ്ഞ രശ്മിയുടെ ശക്തിയാണ്. ജ്ഞാനത്തിന്റെ ഒരു വകഭേദം തന്നെയാണ് സംഗീതജ്ഞാ നം. ഈ സംഗീതത്തിന്റെ ഉത്ഭവം



നവഗ്രഹങ്ങളിൽ നിന്നുതന്നെയാണ്, ഷഡ്ജം തുടങ്ങിയ ഏഴുസ്വരങ്ങളും, ഛായാഗ്രഹങ്ങളായ രാകു, കേതു എന്നിവയും സപ്തസ്വരങ്ങൾക്ക് വിത്തുപാകുന്നു. സ-രി-ഗ-മ-പ-ധ-നി എന്ന സപ്തസ്വരങ്ങളെ നാം ആദി താളത്തിലാണ് പാടുന്നത്. ആദി എന്നാൽ സൂര്യന്റെ നാമധേയത്തിലാണ് അറിയപ്പെടുന്നത്. ഓരോ ഗ്രഹത്തിന്റെയും രശ്മിയും ഓരോ ശബ്ദവീചികകളുടെ സ്വരത്തെ നമുക്ക് പ്രദാനം ചെയ്യുന്നു. ഈ സ്വരങ്ങൾ ഏഴും പന്ത്രണ്ട് സ്വരങ്ങളായി വിഭജിക്കപ്പെടുന്നു. അതായത് ഏഴു ഗ്രഹങ്ങളും, പന്ത്രണ്ടു രാശിക്കകത്തു സ്ഥിതി ചെയ്യുന്നു. താളത്തിന്റെ അക്ഷര കാലവും ഒടിക്ക് നാല് അക്ഷരങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതായത് ജ്യോതിഷത്തിൽ ഒരു നക്ഷത്രത്തിന് നാലു പാദങ്ങളാണ് എന്ന് സൂചിപ്പിക്കുന്നു.

ശാസ്ത്രീയ സംഗീതത്തിൽ 72 മേളകർത്താരാഗങ്ങളെ മാതൃരാഗങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. ഋതുക്കൾ ആറിലും 12 മാസങ്ങളിലായി 72 മേളകർത്താരാഗങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. ബുധൻ ഗ്രഹത്തെ സംഗീതത്തിന്റെ ആധാര ഗ്രഹം എന്നും വിശേഷിപ്പിക്കപ്പെടുന്നു. ബുധന്റെ ക്ഷേത്രമായ മിഥുന രാശിയുടെ ചിഹ്നം വീണ എന്ന പ്രാചീന ശ്രേഷ്ഠം സരസ്വതി വാദ്യമാണ്. സ-പ എന്ന സ്വരങ്ങൾ എല്ലാ സ്വരങ്ങളോടും സംയോജിച്ചുകൊള്ളും. പ- എന്ന അഞ്ചാമത്തെ സ്വരം മിഥുനരാശിക്ക് അഞ്ചാമത്തെ രാശിയും, കലകൾക്ക് അധിപതിയായുള്ള ശുക്രന്റെ സ്വക്ഷേത്രവും ശനി ഭഗവാന്റെ ഉച്ച ക്ഷേത്രവുമാണ്.

ഈ സപ്തസ്വരങ്ങളും

സ - എന്നാൽ ചന്ദ്രൻ എന്നും

രി - എന്നാൽ ഋഷഭൻ/ ശുക്രൻ എന്നും

ഗ- എന്നാൽ ഗണിതം (ബുധൻ)എന്നും

മ- എന്നാൽ മന്ദൻ -ശനി എന്നും

പ- എന്നാൽ സൂര്യൻ എന്നും

ധ - എന്നാൽ ചന്ദ്രൻ എന്നും

നി - എന്നാൽ നിലാവ് (ചന്ദ്രൻ,ചൊവ്വ )

എന്നും എല്ലാ സംഗീത ഗ്രന്ഥങ്ങളിലും പരാമർശിച്ചിട്ടുണ്ട്. എല്ലാ കലകൾക്കും ആധാരമായ നവഗ്രഹങ്ങളെ നാം ആരാധിച്ചാൽ നമുക്കു സംഗീത ജ്ഞാനം തീർച്ചയായും ഉണ്ടാകും എന്നുള്ളതിൽ ഒട്ടും സംശയമില്ല . മേൽ പറഞ്ഞതെല്ലാം ശ്രീ പരമേശ്വരൻ ശ്രീ പാർവതി ദേവിയെ പറഞ്ഞു കേൾപ്പിച്ചതായി പല സംഗീത ശാസ്ത്ര ഗ്രന്ഥങ്ങളിലും എഴുതിക്കാണുന്നു .


# തുഞ്ചൻ ഭക്തി പ്രസ്ഥാന പഠന കേന്ദ്രം

## THUNCHAN BHAKTHI PRASTANA PATANA KENDRAM

( Chakkala Community Association of India)

Chakkala Bhavan, Thunchan Gramam, Mataluvila, Venpakal P.O. Thiruvananthapuram - 695123
Mob : 9446921129 Email : thunchangramam@gmail.com



മഹാത്മൻ,

മലയാള ഭാഷയുടെ പിതാവും കേരളത്തിന്റെ നവോത്ഥാന നായകനുമായ തുഞ്ചത്താചാര്യന്റെ സ്മരണ നിലനിർത്തുന്നതിന് നെയ്യാറ്റിൻകര തുഞ്ചൻ ഗ്രാമത്തിൽ ഈ മഹത് പ്രസ്ഥാനം സ്ഥാപിക്കുന്നത് .

ഭക്തിയോഗ ക്ലാസ്സും, സംസ്കൃതം, വേദാന്ത പഠനം ഭക്തകവി ശ്രേഷ്ഠന്മാരുടെ കൃതികളും അവരുടെ പൂർവ്വ സംഭവ മുഹൂർത്തങ്ങളും ഈ ജ്ഞാനക്ഷേത്രത്തിൽ ആലേഖനം ചെയ്യും .

ഈശ്വരഭക്തിയെ മനുഷ്യ സ്നേഹമായി വ്യാഖ്യാനിച്ച് അത് തന്നെയാണ് ഭക്തി പ്രസ്ഥാനമെന്ന് പ്രചരിപ്പിച്ച തുഞ്ചത്തെഴുത്തച്ഛനടക്കമുള്ള സമകാലിക ഭാരതീയ പണ്ഡിതൻമാരുടെ സമത്വ ദർശന സന്ദേശം പ്രചരിപ്പിക്കുക,അദ്ധ്യാത്മ രാമായണം, മഹാഭാരതം, ഹരിനാമകീർത്തനം, ദേവീ മാഹാത്മ്യം, ശ്രീ മഹാഭാഗവതം, ഭഗവദ്ഗീത തുടങ്ങി കൃതികൾ വളരുന്ന തലമുറയ്ക്ക് പകർന്ന് കൊടുക്കുകയും യോഗയും ധ്യാനവും ജ്ഞാനവും സമന്വയിപ്പിച്ച് മനുഷ്യമനസുകളിൽ ഭക്തിയുടെ നവ പകരുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

1189 മീനമാസത്തിലെ 'ഉത്രം' നാളിൽ ( 2014 മാർച്ച് 17) തുടക്കം കുറിച്ച ഈ മഹാസംരംഭം 1190 ധനു മാസത്തിലെ ഉത്രം നാളിൽ ( 2014 ഡിസംബർ 15) പൂർത്തിയാവും .

ഈ സത്സംരംഭത്തിൽ താങ്കളുടെ മനസ്സും പ്രയത്നവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ. രംഗനാഥൻ
(പ്രസിഡന്റ്)